പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2266 — 11.06.2018 ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ.കുഞ്ഞിരാമൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 60% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോ യുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വില ക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നു. ബ്രാൻഡ് ഉൽപ്പന്നങ്ങളും (നോൺ മാവേലി) MRP / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| (ബി) സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമവുമായ പൊതുവിതരണ സംവിധാനം ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിനെ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ end to end കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സംവിധാനം ഡിജിറ്റലൈസ് ചെയ്യുകയും ഉപഭോക്താക്കൾക്ക് പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന അറിയിപ്പ് എസ്.എം.എസ്. അലേർട്ട് ആയി നൽകുകയും ചെയ്തു വരുന്നു. |

(സി) അതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായത്തിൽ ഇടനിലക്കാരായി പ്രവർത്തിച്ച മൊത്തവിതരണക്കാരെ മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണത്തിന്റെ ഏജൻസിയായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) സമാഗതമാകുന്ന ഓണക്കാലത്ത് വില വർദ്ധനവ് തടയുന്നതിനായി സപ്ലൈകോ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷത്തെയും പോലെ ഈ വരുന്ന ഓണക്കാലത്തും നിലവിലുള്ള വില്പന ശാലകൾക്ക് പുറമെ പ്രത്യേക ഓണം ഫെയറുകൾ സപ്ലൈകോ സംഘടിപ്പിക്കുന്നതും എല്ലായിനം അവശ്യ സാധനങ്ങളും ഇ-ടെണ്ടർ/ ഇ-ഓക്ഷൻ മുഖേന സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ